"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് -കോട്ടയം ജില്ലയിലെ നാട്ടകം കൃഷി ഭവന്റെ പരിധിയിൽപ്പെട്ട എഫ് ബ്ലോക്ക് പാടശേഖരത്തിൽ 2021-22 വർഷത്തിൽ നെൽകൃഷി ചെയ്തിരുന്ന കർ ഷകർ ക്ക് വിള നാശത്തിനുള്ള ഇൻഷുറൻസ് തുക ഓഫ് ലൈനായി സംസ്ഥാന വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.381/2023/AGRI തീയതി,തിരുവനന്തപുരം, 24-04-2023

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17/03/2023 തീയതിയിലെ ADFW/17854/2022-TR2 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ നാട്ടകം കൃഷി ഭവന്റെ പരിധിയിൽപ്പെട്ട എഫ് ബ്ലോക്ക് പാടശേഖരത്തിൽ 2021-22 വർഷത്തിൽ നെൽകൃഷി ചെയ്തിരുന്ന കർഷകരായ ശ്രീ ഗിരീഷ് കുമാർ, ശ്രീമതി. സുധ കെ. എസ്, ശ്രീമതി ജയശ്രീ കെ. എൻ , ശ്രീ ദേവദാസ് എന്നിവർ ഉൾപ്പെടെ ഏതാനു കർഷകർ വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിരുന്നതായും എന്നാൽ ഇൻഷ്വർ ചെയ്ത വിളയുടെ നാശത്തിനും പ്രകൃതി ക്ഷോഭത്തിനും ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ പ്രത്യേകം അപേക്ഷ നൽകണമെന്ന് കർഷകർക്ക് അറിയില്ലായിരുന്നുവെന്നും ടി കർഷകരുടെ അറിവില്ലായ്മ കാരണം എയിംസ് പോർട്ടലിൽ ഇൻഷ്വർ ചെയ്ത വിളകളുടെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷ നൽകുവാൻ സാധിച്ചിട്ടില്ലെന്നും ടി കർഷകർക്ക് വിള നാശം ഉണ്ടായിട്ടുള്ളതാണെന്നും ചുവടെ ചേർക്കുന്ന രീതിയിൽ ഇൻഷുറൻസ് തുക അനുവദിക്കാവുന്നതാണെന്നും കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും പരാമർശം പ്രകാരം കൃഷി ഡയറക്ടർ അറിയിച്ചിരുന്നു.

1. ശ്രീ. ദേവദാസ്, പുത്തൻവീട്, ചെന്നാംകരി- 27300/- രൂപ
2. ശ്രീമതി. ജയശ്രീ ദേവദാസ്, പുത്തൻവീട്, ചെന്നാംകരി ഈസ്റ്റ് - 28000/- രൂപ
3. ശ്രീ.ഗിരീഷ് കുമാർ. പി, ആശാരിപറമ്പിൽ, ചെന്നാംകരി ഈസ്റ്റ്- 26600/- രൂപ
4. ശ്രീമതി. സുധ. കെ.എസ്, ആശാരിപറമ്പിൽ, ചെന്നാംകരി ഈസ്റ്റ്- 25900/- രൂപ

ആകെ -107800/-രൂപ

2.മേൽ സാഹചര്യത്തിൽ അർഹമായ നഷ്ടപരിഹാര തുക ലഭിക്കുന്നതിനായി ഓൺലൈനായി അപേക്ഷിക്കുവാൻ സാധിക്കാതിരുന്ന മേൽ കർഷകർക്ക് ഓഫ് ലൈനായി തുക സംസ്ഥാന വിള ഇൻഷുറൻസ് ഫണ്ടിൽ നിന്നും നല്കുന്നതിനായുള്ള പ്രത്യേക അനുമതി നൽകണമെന്ന് കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിള നാശത്തിന് അർഹമായ നഷ്ടപരിഹാര തുക ലഭിക്കുന്നതിനായി ഓൺലൈനായി

അപേക്ഷിക്കുവാൻ സാധിക്കാതിരുന്ന കോട്ടയം ജില്ലയിലെ നാട്ടകം കൃഷി ഭവന്റെ പരിധിയിൽപ്പെട്ട എഫ് ബ്ലോക്ക് പാടശേഖരത്തിൽ 2021-22 വർഷത്തിൽ നെൽകൃഷി ചെയ്തിരുന്ന ശ്രീ ദേവദാസ് , ശ്രീമതി ജയശ്രീ കെ.എൻ,ശ്രീ. ഗിരീഷ് കുമാർ, ശ്രീമതി. സുധ കെ.എസ്,എന്നീ കർഷകർക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം ആകെ 107800/-രൂപ ഓഫ് ലൈനായി സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്നും നല്കുന്നതിനായുള്ള പ്രത്യേക അനുമതി കാർഷികവികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്കു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും വിലാസവും | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ. ദേവദാസ്, പുത്തൻവീട്, ചെന്നാംകരി | 27,300/- രൂപ |
| 2 | ശ്രീമതി. ജയശ്രീ. ദേവദാസ്, പുത്തൻവീട്, ചെന്നാംകരി ഈസ്റ്റ് | 28,000/-രൂപ |
| 3 | ശ്രീ.ഗിരീഷ് കുമാർ. വി, ആശാരിപറമ്പിൽ, ചെന്നാംകരി ഈസ്റ്റ് | 26,600/- രൂപ |
| 4 | ശ്രീമതി. സുധ. കെ.എസ്, ആശാരിപറമ്പിൽ, ചെന്നാംകരി ഈസ്റ്റ് | 25,900/- രൂപ |
| | ആകെ | 1,07,800/-രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vineeshkumar
Date: 24-04-2023 16:50:06

സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു കൃഷിവകുപ്പ് മന്ത്രിയുടെ പിഎസ്സിന്